**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5305** **02-11-2021 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പിന് പുതിയ മേഖല ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി. ടി. എ. റഹീം | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായികവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും സജീവവുമാക്കുന്നതിന് കായിക, യുവജന ഡയറക്ടറേറ്റിന്റെ മേഖല ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് കായിക വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും സജീവവുമാക്കുന്നതിന്റെ ഭാഗമായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ രണ്ട് മേഖല ഓഫീസുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വടക്കൻ മേഖലയിലെ പ്രവർത്തനങ്ങൾക്കായി കോഴിക്കോട് കേന്ദ്രമായും മധ്യകേരളത്തിലെ പ്രവർത്തനങ്ങൾക്കായി എറണാകുളം കേന്ദ്രമായുമായാണ് റീജിയണൽ ഓഫീസുകൾ സ്ഥാപിക്കുന്നത്. കോഴിക്കോട് വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലും എറണാകുളത്ത് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലുമായി പ്രസ്തുത ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് മേഖല ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് കായിക വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും സജീവവുമാക്കുന്നതിന്റെ ഭാഗമായി കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ രണ്ട് മേഖല ഓഫീസുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വടക്കൻ മേഖലയിലെ പ്രവർത്തനങ്ങൾക്കായി കോഴിക്കോട് കേന്ദ്രമായും മധ്യകേരളത്തിലെ പ്രവർത്തനങ്ങൾക്കായി എറണാകുളം കേന്ദ്രമായുമായാണ് റീജിയണൽ ഓഫീസുകൾ സ്ഥാപിക്കുന്നത്. കോഴിക്കോട് വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലും എറണാകുളത്ത് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലുമായി പ്രസ്തുത ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിക്കുന്ന സ്പോർട്സ് മെഡിസിൻ കേന്ദ്രങ്ങളുടെ നിർമ്മാണ | (സി) | തൃശ്ശൂർ ജില്ലയിൽ സ്പോർട്സ് മെഡിസിൻ സെന്റർ ആരംഭിക്കുന്നതിനായി പ്രീഫാബ് കെട്ടിടങ്ങൾ |

| | | | |
|---|---|---|---|
| | പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത കേന്ദ്രങ്ങൾ എന്നത്തേക്ക് പ്രവർത്തനം തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | | സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരികയാണ്. കണ്ണൂർ ജില്ലയിൽ നിലവിലുള്ള സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ കെട്ടിടത്തിനോട് ചേർന്നാണ് സ്പോർട്സ് മെഡിസിൻ സെന്റർ സജ്ജമാക്കുന്നത്. ഇതിനായുള്ള പ്രവൃത്തികൾ നിലവിൽ അവസാന ഘട്ടത്തിലാണ്. രണ്ടു ജില്ലകളിലേയും സ്പോർട്സ് മെഡിസിൻ സെന്ററുകളിലേക്കാവശ്യമായ ഫിസിയോതെറാപ്പി ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂരിലേയും തൃശ്ശൂരിലേയും സ്പോർട്സ് മെഡിസിൻ സെന്ററുകൾ ഡിസംബർ ആദ്യവാരത്തോടെ പ്രവർത്തനമാരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ